## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*161

03.10.2016 ൽ മറുപടിക്ക്

### ആരോഗ്യനയം

| ചോദ്യം<br>ശ്രീ.സി.കെ.നാണു<br>,, കെ. കൃഷ്ണൻകുട്ടി<br>,, കോവൂർ കുഞ്ഞുമോൻ<br>,, തോമസ് ചാണ്ടി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന് ഒരു ആരോഗ്യനയം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | ആരോഗ്യ നയം രൂപീകരിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ ഒരു വിദഗ്ധ സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ആരോഗ്യനയത്തിന്റെ ഭാഗമായി താലൂക്ക് ആശുപത്രികളിലെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെയും പ്രൈമറി ഹെൽത്ത് സെന്ററുകളിലെയും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | താലൂക്ക് ആശുപത്രികളുടെ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പലവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണം, നവീകരണം, സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തികകൾ സൃഷ്ടിക്കൽ, പുതിയ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുക തുടങ്ങി നിരവധി മേഖലകളിൽ പലവിധ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബ്ലോക്ക്തല സി.എച്ച്.സി-കളിൽ അടിസ്ഥാന സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കാനും ആലോചിക്കുന്നുണ്ട്. പി.എച്ച്.സി, സി.എച്ച്.സി-കളിൽ ഒരു സ്റ്റാൻഡേർഡ് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സേവനങ്ങൾ ലഭ്യമാക്കാൻ ആലോചിക്കുന്നുണ്ട്. പി.എച്ച്.സി, സി.എച്ച്.സി-കളിൽ കൂടുതൽ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. |
| (സി) | മാറാരോഗങ്ങൾ കൂടുതലായി കാണപ്പെടുന്ന പ്രദേശങ്ങളിലെ ആശുപത്രികൾക്ക് എന്തെല്ലാം പ്രത്യേക പരിഗണനകൾ നൽകുമെന്ന് വിശദമാക്കുമോ? | (സി) | മാറാരോഗങ്ങൾ കൂടുതലായി കാണുന്ന പ്രദേശങ്ങളിലെ ആശുപത്രികളിൽ അവിടത്തെ മെഡിക്കൽ ഓഫീസറുടേയും അതാത് ജില്ലാ മെഡിക്കൽ ഓഫീസറുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും, HMC യുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നത് ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

Sarala

സെക്ഷൻ ഓഫീസർ